LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബലവിഭാഗം (EWS)/താഴ്ന്ന വരുമാനവിഭാഗം (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ. കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ, സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 10.50 കോടി രൂപ ഉപയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 14.19 കോടിരൂപ ഉപയോഗിച്ച് ഇതുവരെ 507 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

**സായൂജ്യം പാർപ്പിട പദ്ധതി**

**80 (5885)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായൂജ്യം പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്നവിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനുവേണ്ടി . ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സായൂജ്യം ഭൂവികസന പദ്ധതി.

(സി) കാസർഗോഡ് ജില്ലയിലെ മധൂറിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 261.78 സെന്റ് ഭൂമിയിൽ 27 പ്ലോട്ടുകൾ വികസിപ്പിക്കുകയും 25 പ്ലോട്ടുകൾ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ അയർക്കുന്നത്ത് ബോർഡിന്റെ ഉടമസ്ഥതതയിലുള്ള 206 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ 12 പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്.

## ചെറുകിട വ്യവസായ സംരംഭങ്ങൾ

**81 (5886)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം നിലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ ;

(ബി) എന്തെല്ലാം ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്കാണ് ഇപ്രകാരം സഹായങ്ങളും സബ്സിഡികളും ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കിൽ എന്തെല്ലാം സ്വകാര്യ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായങ്ങളും സബ്സിഡികളും ഈ സർക്കാർ കാലയളവിൽ അനുവദിച്ചു ; ഇതിന്റെ വിശദവിവരങ്ങൾ നൽകാമോ ?

### ഉത്തരം

(എ) ചെറുകിട വ്യവസായ സംരംഭകരെയും സംരംഭം തുടങ്ങിയവരെയും സഹായിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ, സംസ്ഥാനതലങ്ങളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടത്തിവരുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആരംഭിച്ചവർക്ക് അവരുടെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും സ്റ്റാർട്ട്അപ് സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നിവയും സംരംഭകത്വ സഹായ പദ്ധതി (ESS) മുഖേന നൽകിവരുന്നു.

(ബി) നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ഉല്പാദന മേഖലയിലെ MSME യൂണിറ്റുകൾക്ക് സബ്സിഡിയും MSME Act പ്രകാരമുള്ള എല്ലാ വ്യവസായങ്ങൾക്കും സാമ്പത്തികേതര സഹായങ്ങളും നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly